1. ഇ.ബി. XIII-കേരള നിയമസഭ/XI-27

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

**പി. പി. അബ്ദുള്ളക്കുട്ടി, എം. കുഞ്ഞിരാമൻ നമ്പ്യാർ, പി. കെ. ചന്ദ്രാനന്ദൻ എന്നിവരുടെ നിര്യാണം**

കേരള നിയമസഭാംഗങ്ങളായിരുന്ന പി. പി. അബ്ദുള്ളക്കുട്ടി, എം. കുഞ്ഞിരാമൻ നമ്പ്യാർ, പി. കെ. ചന്ദ്രാനന്ദൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## ക്രമപ്രശ്നം

### ആക്ഷൻടേക്കൺ റിപ്പോർട്ടുകൾ സഭയിൽ വയ്ക്കാത്തതു സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): കരുണ പ്ലാന്റേഷൻസ് പോബ്സ് & എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ കരം തീർക്കാൻ വനം വകുപ്പ് നിരാക്ഷേപ സർട്ടിഫിക്കറ്റ് നൽകിയതു സംബന്ധിച്ച് അന്വേഷണം നടത്തിയ മൂന്നംഗ സമിതിയുടെ റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചെലവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ്. ഫ്ളാറ്റ് സമുച്ചയം പണിതതു സംബന്ധിച്ച് അന്വേഷണം നടത്തിയ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേലുള്ള ആക്ഷൺ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചിട്ടില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കരുണ പ്ലാന്റേഷൻസിനെ സംബന്ധിച്ച മൂന്നംഗ കമ്മിറ്റി റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് അന്വേഷണം നടത്തുന്ന റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ചെലവന്നൂരിലെ ഡി.എൽ.എഫ്. ഫ്ലാറ്റ് സമുച്ചയത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയ ചീഫ് സെക്രട്ടറിയുടെ ശുപാർശപ്രകാരം നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെയും

റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: എട്ടംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.എഫ്.ഒ. നൽകിയ എൻ.ഒ.സി. റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഡി.എൽ.എഫ്. ഫ്ളാറ്റ് സമുച്ചയവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശപ്രകാരം നിയോഗിച്ച മൂന്നംഗ കമ്മിറ്റിയിലെ ഒരു മെമ്പർ സ്ഥലത്തില്ലാതിരുന്നതിനാലാണ് കാലതാമസമുണ്ടായത്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കരുണ പ്ലാന്റേഷൻസുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നതുവരെ ഡി.എഫ്.ഒ. നൽകിയ എൻ.ഒ.സി. മരവിപ്പിച്ചിരിക്കുകയാണ്.

## ശ്രദ്ധക്ഷണിക്കൽ

### (1) മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്കായി സമഗ്ര പദ്ധതികൾ

ശ്രീ. ആർ. സെൽവരാജ്: കേരളത്തിലെ കടലോര/ഉൾനാടൻ

മത്സ്യഗ്രാമങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഗണ്യമായ സംഭാവന നൽകുകയും മത്സ്യക്കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിത്തരികയും ചെയ്യുന്ന മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്നതോടൊപ്പം മത്സ്യഗ്രാമങ്ങളിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിനും ആരോഗ്യം, ശുചിത്വം, ജലലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും അടിയന്തര ചികിത്സയ്ക്കും ദുരിതാശ്വാസ ധനസഹായത്തിനുമായി ഫിഷറീസ് വകുപ്പുമന്ത്രിയുടെ പേരിൽ പ്രത്യേക ദുരിതാശ്വാസ നിധി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മത്സ്യഗ്രാമങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സർക്കാർ

മുന്തിയ പരിഗണനയാണ് നൽകുന്നത്. തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ജലലഭ്യത, ശുചിത്വം, ഭവനം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി 114 കോടി രൂപയുടെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, 44.27 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 134.70 കോടി രൂപയുടെ പദ്ധതികൾ, 4.29 കോടി രൂപയുടെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ, 75.10 കോടി രൂപയുടെ 52 ആധുനിക മത്സ്യമാർക്കറ്റുകൾ തുടങ്ങിയ അഞ്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവിധ മത്സ്യഗ്രാമങ്ങളിൽ വിമൺ ഷെൽട്ടർ, ആശുപത്രി കെട്ടിടം, തണൽഷെഡ്, ഡ്രെയിനേജ്, ഫിഷറീസ് റോഡുകൾ, ടോയ്‌ലെറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, ബയോഗ്യാസ് പ്ലാന്റ്, കോളനികളുടെ പുനരുദ്ധാരണം തുടങ്ങിയ ഇരുപത്തിയൊന്ന് നിർമ്മാണപ്രവൃത്തികളും പുരോഗമിച്ചുവരികയാണ്. ഭൂരഹിതരെയും ഭവനരഹിതരെയും സഹായിക്കാനായി 48.75 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഭവനരഹിതർക്ക് വീട് നൽകുന്നതിന് വിപുലമായ

ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണ്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ 75.10 കോടി രൂപ ചെലവിൽ 52 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതാണ്. മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2014-15 വർഷം ബഡ്ജറ്റിൽ 24 കോടി രൂപ വകയിരുത്തുകയും വിവിധ മത്സ്യഗ്രാമങ്ങളിൽ പഠനം നടത്തി പദ്ധതിറിപ്പോർട്ട് തയ്യാറാക്കിവരികയും ചെയ്യുന്നു. മത്സ്യഫെഡിൽ നിന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കച്ചവടത്തിനായി ഏകദേശം ഇരുപതിനായിരം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിമുഖാന്തിരം 53 കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ അമ്പത് മുതൽ നൂറ് കുടുംബങ്ങൾക്കുവരെ പ്രയോജനപ്പെടുന്ന നിലയിൽ ചെറിയ ഡീസാൽനേഷൻ പ്ലാന്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ്.

## (2) ക്യാൻസർ ചികിത്സാസൗകര്യങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ: സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ക്യാൻസർ ചികിത്സാസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഗുണകരമായ

ചികിത്സ നൽകാൻ ആർ.സി.സി. ബുദ്ധിമുട്ട് നേരിടുകയാണ്. റേഡിയേഷൻ, സർജറി, കീമോ തെറാപ്പി, സാന്ത്വന ചികിത്സ എന്നിവ അടങ്ങുന്നതാണ് ക്യാൻസർ ചികിത്സ. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിൽവരുന്ന രോഗികൾക്ക് റേഡിയേഷൻ രംഗത്ത് പ്രാകൃതമായ ചികിത്സാരീതിയിയാണുള്ളത്. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കിയിട്ടില്ല. മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നും ചികിത്സയ്ക്കെത്തുന്ന രോഗികൾ ആശ്രയിക്കുന്ന തൃശ്ശൂർ/ കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ റേഡിയേഷനുമായി ബന്ധപ്പെട്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ലീനിയർ ആക്സിലറേറ്റർ സംവിധാനമേർപ്പെടുത്തുന്നതിനും റേഡിയോ തെറാപ്പിയും സർജിക്കൽ ഓങ്കോളജിയും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിൽ മിനി ആർ.സി.സി., മലബാർ ക്യാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ സൗകര്യം എന്നിവ ആരംഭിക്കുന്നതിനും നിലവിലുള്ള സംവിധാനം

ശക്തിപ്പെടുത്തി തിരുവനന്തപുരം ആർ.സി.സി.യെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ഇവിടെ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസസൗകര്യമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് ആർ.സി.സി.-ക്കുപുറമേ മലബാർ ക്യാൻസർ സെന്ററിലും 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ക്യാൻസർ ചികിത്സയ്ക്കുള്ള സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം ആർ.സി.സി.-യെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടാക്കിയും മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.-യാക്കി ഉയർത്താനും എറണാകുളത്ത് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനും കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷ്യറി ക്യാൻസർ സെന്റർ സ്ഥാപിക്കാനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും മിനി ആർ.സി.സി.-കൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ഈ വർഷംതന്നെ അത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ ഉണ്ടോയെന്ന് പ്രാഥമിക

പരിശോധന നടത്തുന്നതിനും ആർ.സി.സി.-യിലും എം.സി.സി.-യിലും ചികിത്സ കഴിഞ്ഞെത്തുന്ന രോഗികൾക്ക് തുടർചികിത്സ നൽകുന്നതിനുമുള്ള സംവിധാനങ്ങൾ എല്ലാ ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്തുകയും പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെത്തുന്ന രോഗികളെ സ്ക്രീനിംഗ് നടത്തി രോഗമുള്ളവർക്ക് താലൂക്ക്/ ജില്ലാ ആശുപത്രികളിൽ ചികിത്സ നൽകുന്ന "ക്യാൻസറിനെതിരെ കേരളം " എന്ന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി, സർജിക്കൽ ഓങ്കോളജി എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസ സൗകര്യമൊരുക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ പെട്ടെന്ന് അത് സാധ്യമാക്കുന്നതാണ്. തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുന്നതിനുള്ള നടപടി ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തമിഴ്നാടിന് ഗുണകരവും കേരളത്തിലെ ആവാസ വ്യവസ്ഥയെ ദുർബലപ്പെടുത്തുന്നതുമായ

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്ര സർക്കാർ നടപടി ആരംഭിച്ചിരിക്കുകയാണ്. പമ്പ, അച്ചൻകോവിൽ നദികളിൽ അധിക ജലമുണ്ടെന്നും അത് വൈപ്പാറിലേയ്ക്ക് ഒഴുക്കാമെന്നും ദേശീയ ജലവികസന അതോറിറ്റി നൽകിയ റിപ്പോർട്ടിനെത്തുടർന്നും നദീ സംയോജനം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ അനുകൂല വിധി സമ്പാദിച്ചുകൊണ്ടുമാണ് കേന്ദ്ര സർക്കാർ നടപടി ആരംഭിച്ചിരിക്കുന്നത്. കേരളത്തിലെ നദികളിലെ ജലം ഊറ്റിയെടുക്കുന്നതിനുള്ള തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നടപടിക്കെതിരെ കേരളം ഒറ്റക്കെട്ടായി പ്രതികരിക്കുന്നതോടൊപ്പം ഈ പദ്ധതി നടപ്പിലാക്കാതിരിക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പമ്പാ-അച്ചൻകോവിൽ നദികളിൽനിന്നും വെള്ളം തിരിച്ചുകൊണ്ടുപോകാനുള്ള പദ്ധതിക്കെതിരെ കേരളം നാഷണൽ വാട്ടർ ഡെവലപ്മെന്റ് അതോറിറ്റിയുടെ ചർച്ചാവേദിയിലും സുപ്രീംകോടതിയിൽ ഉണ്ടായിരുന്ന കേസ്സിലും ശക്തമായ പ്രതിഷേധം അറിയിക്കുകയും പദ്ധതി ഉപേക്ഷിക്കണമെന്ന് 06-08-2003-ന് കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീ സംയോജനത്തിന്മേൽ മുന്നോട്ടുള്ള നടപടികൾ തുടങ്ങുകയില്ലെന്ന് നാഷണൽ

വാട്ടർ ഡെവലപ്മെന്റ് അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്. രണ്ട് നദികളുടെയും പൂർണ്ണ അധികാരം കേരളത്തിനാണ്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിലാറും വറ്റി വരളുമെന്നും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുമെന്നും കേരളത്തിന്റെ നിബിഡവനവും തേക്കിൻതോട്ടങ്ങളും കൃഷിസ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ സ്ഥലം ജലത്തിനടിയിലാകുമെന്നും ഈ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പരിസ്ഥിതി പ്രത്യാഘാതമുണ്ടാകുകയും കുടിവെള്ളക്ഷാമമുണ്ടാകുകയും ചെയ്യുമെന്നും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വേമ്പനാട് വെറ്റ് ലാന്റിന്റെ വാട്ടർ ബാലൻസ് സ്റ്റഡി നടത്തി ഡൽഹി ഐ.ഐ.റ്റി.-യും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേരളം ഒരു കാരണവശാലും ഈ പദ്ധതിയെ അംഗീകരിക്കില്ല. ഗവൺമെന്റ് നിയമപരമായും സാങ്കേതികമായും സാധ്യമായ എല്ലാ നടപടികളും പമ്പ-അച്ചൻകോവിൽ നദീസംരക്ഷണത്തിന് സ്വീകരിക്കുന്നതാണ്. കേരളത്തിലെ മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള നാല് ഡാമുകളുടെ കരാർ അനുസരിച്ചുള്ള മെയിന്റനൻസും ഓപ്പറേഷൻസും മാത്രമാണ് തമിഴ്നാട് ഗവൺമെന്റ് നടത്തുന്നത്. നാഷണൽ ഡാം അതോറിറ്റിയുടെ രേഖകൾ

പ്രകാരം അതിന്റെ ഉടമസ്ഥാവകാശം കേരളത്തിനാണ്.

## (2) പ്രതിമയും സ്മാരകവും പുന:സ്ഥാപിക്കൽ

ശ്രീ. സി. ദിവാകരൻ: കെ.എസ്.റ്റി.പി.യുടെ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ-ഏറ്റുമാനൂർ റോഡ് പണിക്കായി കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഏറ്റെടുക്കുമ്പോൾ നീക്കം ചെയ്യേണ്ടിവരുന്ന കെ.ടി. ജേക്കബ് ആശാന്റെ പ്രതിമയും സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ ഫണ്ട് സ്വരൂപിച്ച് നിർമ്മിച്ച രക്തസാക്ഷിസ്മാരകവും അനുയോജ്യമായ സ്ഥലത്ത് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിൽ കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ ടൗൺഹാളിന് മുൻവശത്തായി സ്ഥാപിച്ചിട്ടുള്ള മുൻ റവന്യൂ വകുപ്പുമന്ത്രി കെ. ടി. ജേക്കബിന്റെ പ്രതിമയും സ്വാതന്ത്ര്യ സമരസേനാനികളുടെ രക്തസാക്ഷിമണ്ഡപവും സ്ഥിതി ചെയ്യുന്ന സ്ഥലം റോഡ് വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടി വരും. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് അധികൃതരുമായി പ്രാഥമിക ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത

സ്ഥലത്ത് പുറകോട്ടുമാറ്റി കെ.എസ്.റ്റി.പി. പ്രോജക്ടിന്റെ ചെലവിൽ പ്രതിമയും രക്തസാക്ഷിമണ്ഡപവും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (3) ആറൻമുള വിമാനത്താവള പദ്ധതി

ശ്രീ. എം. എ. ബേബി: ഹരിത ട്രൈബ്യൂണൽ വിധിയിലും സി. ആന്റ് എ.ജി. റിപ്പോർട്ടിലും ക്രമക്കേടുകളും നിയമലംഘനങ്ങളും നടന്നതായി കണ്ടെത്തിയ ആറന്മുളയിലെ നിർദ്ദിഷ്ട സ്വകാര്യ വിമാനത്താവള പദ്ധതി നടപ്പിലാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ ഔപചാരിക ചടങ്ങിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പരസ്യ പ്രസ്താവന സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പരിസ്ഥിതി സൗഹൃദമായി വിമാനത്താവളം സ്ഥാപിക്കാമെന്ന നിലപാടാണ് അറിയിച്ചത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിർദ്ദിഷ്ട ആറന്മുള വിമാനത്താവള പദ്ധതിയുടെ പാരിസ്ഥിതിക അനുമതി റദ്ദാക്കി ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ സാങ്കേതികത്വമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെങ്കിലും പരിസ്ഥിതി

സൗഹൃദവും നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ പ്രസ്തുത വിമാനത്താവളം സ്ഥാപിക്കുന്നതിന് കമ്പനി മുന്നോട്ടുവന്നാൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

## (4) സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

ശ്രീ. പി. സി. വിഷ്ണുനാഥ്: കൊട്ടാരക്കര-മൈലം-താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും നിക്ഷേപകർക്ക് തുക തിരിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവും സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണ സമിതിയെ നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ഉത്തരവാദികളായ ബാങ്കിന്റെ മുൻ സെക്രട്ടറി, പ്രസിഡന്റ്, ശാഖാ മാനേജർ എന്നിവരുടെ വ്യക്തിഗത ബാദ്ധ്യതകൾ പലിശ സഹിതം തിരികെ അടയ്ക്കുന്നതിന് കൊല്ലം ജോയിന്റ്

രജിസ്ട്രാർ നോട്ടീസ് നൽകുകയും ചെയ്തു. ഇതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തികൾ സർക്കാർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നു. ജോയിന്റ് രജിസ്ട്രാർ നൽകിയ നോട്ടീസിൽ ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് സർക്കാർ ഉത്തരവുപ്രകാരം പുതിയ അന്വേഷണം നടന്നുവരുന്നു. ക്രമക്കേടുകൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പണാപഹരണത്തിന് ഉത്തരവാദിയായ സംഘം സെക്രട്ടറിയെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. തുക ഈടാക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (5) <u>മലിനജലംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ചവറ കെ.എം.എം.എൽ. ഫാക്ടറിയുടെ പരിസരമേഖലയായ ചിറ്റൂർ പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനും ഫാക്ടറിയിൽനിന്നും ഒഴുക്കിവിടുന്ന മലിനജലംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിനും പരിസരവാസികൾക്ക് നൽകുന്ന ചികിത്സാ സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ.</u>

കുഞ്ഞാലിക്കുട്ടി): കെ.എം.എം.എൽ.-ന്റെ പരിസര പ്രദേശത്തെ ഭൂമി നെഗോഷ്യേറ്റ് ചെയ്ത് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കെ.എം.എം.എൽ.-ൽ നിന്നും പരിസര പ്രദേശത്തേയ്ക്ക് മലിനജലം ഒഴുക്കിവിടുന്നതുമൂലം ഗുരുതരപ്രശ്നം സൃഷ്ടിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിസരവാസികൾക്ക് കുടിവെള്ള-വൈദ്യുത പദ്ധതികൾക്കും ചികിത്സയ്ക്കും കെ.എം.എം.എൽ. നൽകിവരുന്ന സഹായധനം അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്.

## (6) ഇ-ഫയലിംഗ്

ശ്രീമതി കെ. കെ. ലതിക: മതിയായ മുന്നൊരുക്കങ്ങളില്ലാതെ ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടത്തിയതുമൂലം ഫയൽ നീക്കങ്ങളിലും സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളിലും ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എൻ.ഐ.സി വികസിപ്പിച്ച ഇ-ഓഫീസ് സോഫ്റ്റ്‌വെയർ കേന്ദ്ര സെക്രട്ടേറിയറ്റിലും പല സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്നു. ഇ-ഓഫീസ് നടപ്പിലാക്കാത്ത വകുപ്പുകളിൽനിന്നും ധനകാര്യവകുപ്പിൽ എത്തുന്ന എല്ലാ ഫയലുകളും നിലവിൽ

ധനകാര്യവകുപ്പിൽത്തന്നെയാണ് ഡിജിറ്റൈസ് ചെയ്യുന്നത്. മറ്റു വകുപ്പുകളിലെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് കെൽട്രോൺ മുഖേന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്തിയതിനുശേഷമാണ് ഇ-ഫയലിംഗ് ഏർപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

## (7) പ്രതികളെ അറസ്റ്റ് ചെയ്യൽ

ഡോ. ടി. എം. തോമസ് ഐസക്: ആലപ്പുഴയിലെ പി. കൃഷ്ണപിള്ള സ്മാരകം തീവച്ച് നശിപ്പിച്ച പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രസ്തുത സംഭവം സംബന്ധിച്ച് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിന്റെ സെൻസിറ്റിവിറ്റി കണക്കിലെടുത്ത് എ.ഡി.ജി.പി. ശ്രീ. അനന്തകൃഷ്ണനെക്കൊണ്ട് നേരിട്ട് അന്വേഷിപ്പിക്കുന്നതാണ്.

## (8) കായിക സർവ്വകലാശാല

ശ്രീ. ബെന്നി ബെഹനാൻ: സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നാഷണൽ ഗെയിംസിനായി ഇന്റർനാഷണൽ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും എക്വിപ്മെന്റ്സും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുകയും സ്പോർട്സ് നയമനുസരിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആന്റ് ഗെയിംസ് (നിസാഗ്) എന്ന ദേശീയ സ്ഥാപനം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

## (9) സ്റ്റേഡിയം നിർമ്മാണം

ശ്രീ. സി. പി. മുഹമ്മദ്: പട്ടാമ്പി ശ്രീനീലകണ്ഠാ സംസ്കൃത കോളേജ് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സ്റ്റേഡിയം നിർമ്മാണത്തിനായി പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## (10) വീട്ടുനമ്പർ നൽകൽ

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയിലെ പട്ടയപ്രശ്നം പരിഹരിച്ച് വീട്ടുനമ്പർ ലഭിക്കുന്നതിലുള്ള തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇടുക്കി ജില്ലയിൽ

ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവരുടെ കെട്ടിടം അനധികൃതമാണോ എന്ന് പരിശോധിക്കാതെതന്നെ 100 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് താൽക്കാലിക റസിഡന്റ്സ് സർട്ടിഫിക്കേറ്റ് നൽകിവരുന്നുണ്ട്. വർഷങ്ങളായി കൈവശത്തിലുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ ഉടമ മരണപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അർഹരായവർക്ക് മാറ്റി നൽകുന്നകാര്യം പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

## (11) പുതുക്കാട് ആർ.ഒ.ബി.

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുക്കാട് റെയിൽവേ മേൽപ്പാലത്തിനാവശ്യമായ തുക അനുവദിക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്):പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുകയുടെ അമ്പതു ശതമാനം റെയിൽവേയും ബാക്കി അമ്പതുശതമാനവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണ്. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ. വായ്പയെടുത്താൽ ടോൾ പിരിവിലൂടെ ലഭ്യമാകുന്ന തുക തിരിച്ചടവിന് തികയാതെ വരുമെന്നതിനാൽ

ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം സാദ്ധ്യമാകുകയുള്ളൂ. അടുത്തവർഷം ഇതിനാവശ്യമായ തുക കണ്ടെത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (12) ബൈപ്പാസ് നിർമ്മാണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കുറ്റിപ്പുറം പുതുപൊന്നാനി എൻ.എച്ച്. ബൈപ്പാസിന്റെ ചമ്രവട്ടം മുതലുള്ള ഭാഗത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : എൻ. എച്ച്. 66-ൽ ഉൾപ്പെടുന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള രണ്ടുവരി പാത നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്ത് കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെയുള്ള 11.41 കി.മി. ദൂരം പണി പുരോഗമിക്കുന്നുണ്ട്. ബാക്കിയുള്ളത് കേന്ദ്രാനുമതി കിട്ടുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്.

## (13) ചേലക്കരയിൽ വെറ്ററിനറി കോളേജ്

ശ്രീ. കെ രാധാകൃഷ്ണൻ: ചേലക്കരയിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കേരള വെറ്ററിനറി &ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽനിന്ന്

നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ചേലക്കര, കൂത്തുപറമ്പ്, ഹരിപ്പാട് എന്നിവിടങ്ങളിൽ വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (14) വിളനാശത്തിന് നഷ്ടപരിഹാരം

ശ്രീ. ഇ.പി. ജയരാജൻ: പ്രകൃതി ക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന വിളകൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രകൃതി ക്ഷോഭംമൂലമുള്ള കൃഷി നാശത്തിന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും നൽകുന്ന ധനസഹായ മാനദണ്ഡങ്ങൾ പുതുക്കിയതനുസരിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും നൽകുന്ന ധനസഹായ മാനദണ്ഡങ്ങളും പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. കാർഷിക വിളകൾക്കുള്ള ക്രോപ്പ് ഇൻഷ്വറൻസ് ചിങ്ങം ഒന്നുമുതൽ ആരംഭിക്കുന്നതാണ്.

## (15) ബസ് അപകടം

ശ്രീ. കെ. എൻ. എ. ഖാദർ: വള്ളിക്കുന്നിലെ അരിയല്ലൂരിൽ ഗവൺമെന്റ് യു.പി സ്കൂളിന് മുമ്പിൽ 17-07-2014-ന് രാവിലെയുണ്ടായ ബസ് അപകടം സംബന്ധിച്ച് അന്വേഷിക്കുന്നതിനും അപകടത്തിൽപ്പെട്ടവർക്ക് ആവശ്യമായ അടിയന്തര

സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി( ശ്രീ. രമേശ് ചെന്നിത്തല): ഇന്ന് (17-7-2014) രാവിലെ 9.10-ന് മലപ്പുറം പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വള്ളിക്കുന്നിൽ ചാലിയത്തുനിന്ന് പരപ്പനങ്ങാടിയിലേയ്ക്ക് പോകുയായിരുന്ന സ്വകാര്യ ബസ് നിയന്ത്രണം വിട്ട് മറിഞ്ഞതിൽ യാത്രക്കാരായ രണ്ട് പേർ മരിക്കുകയും 18 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. സംഭവ സ്ഥലത്തേയ്ക്ക് എത്താൻ മലപ്പുറം എസ്.പി. അടക്കമുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംഭവം സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗതാഗതവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 14-ാമത് റിപ്പോർട്ടും ഹർജികൾ സംബന്ധിച്ച സമിതിയുടെ 6-ാമത് റിപ്പോർട്ടും മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രവേശനവും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള കരാറും സംബന്ധിച്ച് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി.എസ്. ശിവകുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

(ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിൽ ഫീസ് നിരക്ക് വ്യക്തമാക്കിയിട്ടില്ലെന്ന് പ്രതിപക്ഷ അംഗങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ സഭ പിരിയുന്നതിനുമുമ്പ് ആരോഗ്യ വകുപ്പുമന്ത്രി വിശദമായ മറുപടി നൽകുമെന്ന് സ്പീക്കർ സഭയെ അറിയിച്ചു.)

## പ്രത്യേക പരാമർശം

### (1) അംഗങ്ങൾ ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. എം. എ. ബേബി: ചട്ടം 172 ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് സ്പീക്കറുടെ റൂളിംഗിലൂടെ വ്യക്തത വരുത്തണം. സഭയിൽ ഹാജരാകുന്ന അംഗങ്ങൾ ഹാജർബുക്കിൽ ഒപ്പിട്ടശേഷം സഭയ്ക്കുള്ളിൽ പ്രവേശിച്ചില്ലെങ്കിലും ഹാജരായതായാണ് കണക്കാക്കുന്നത്. എന്നാൽ സഭയിൽ ഹാജരായി ചർച്ചകളിൽ പങ്കെടുക്കുകയും വോട്ട് രേഖപ്പെടുത്തുകയും ചെയ്താലും ഹാജർബുക്കിൽ ഒപ്പിട്ടില്ലെങ്കിൽ ഹാജരായതായി കണക്കാക്കില്ല. അനുമതികൂടാതെ 60 ദിവസം സഭയിൽ ഹാജരാകാതിരുന്നാൽ നിയമപ്രകാരം അംഗത്വം നഷ്ടപ്പെടുമെങ്കിലും അപ്രകാരം സംഭവിച്ചിട്ടുണ്ടോയെന്ന് കണ്ടെത്താൻ സംവിധാനമില്ല. അതുകൊണ്ട് പുറത്ത് ഒപ്പിടാനുള്ള സംവിധാനം തുടരുമ്പോൾത്തന്നെ ബയോമെട്രിക് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്താനുള്ള ക്രമീകരണം ഉണ്ടാക്കണം.

മി. സ്പീക്കർ : നിയമസഭാ ചട്ടം 172 -ൽ ഭേദഗതി വരുത്തുന്ന കാര്യം റൂൾസ് കമ്മിറ്റിയാണ് തീരുമാനിക്കേണ്ടത്. ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (2) പാറ്റൂർ ഭൂമിയിടപാട്

ശ്രീ. വി. ശിവൻകുട്ടി: പാറ്റൂർ ഭൂമിയിടപാട് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച സബ്മിഷന് നൽകിയ മറുപടിയിൽ സൂചിപ്പിച്ച പല കാര്യങ്ങളും സത്യവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്. 31.8.2013-ലെ എ.ജി.യുടെയും 6.9.2013-ലെ ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടുകളെക്കുറിച്ച് അന്ന് പരാമർശിച്ചിരുന്നില്ല. 16.5 സെന്റ് ഭൂമി അളന്ന് തിരിച്ചതായി സഭയെ അറിയിച്ചെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നഗരകാര്യ വകുപ്പുമന്ത്രി ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവാദിത്വം മറച്ചുവച്ചുകൊണ്ട് എല്ലാ കുറ്റവും കോർപ്പറേഷനുമേൽ ചുമത്തിയിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയ ചീഫ് ടൗൺ പ്ലാനറാണ് ഇപ്പോൾ വിജിലൻസ് സി.ടി.പി. അദ്ദേഹത്തെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത് അപഹാസ്യമാണ്. കോർപ്പറേഷൻ സെക്രട്ടറി, ടൗൺ പ്ലാനിംഗ് ഓഫീസർമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഉത്തരവാദിത്വം മറച്ചുവച്ചിരിക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ അനുമതിയോടെയാണ് ഉത്തരവ് ഇറങ്ങിയത്. ഇക്കാര്യം വിജിലൻസ് ഡയറക്ടറെക്കൊണ്ട് അന്വേഷിപ്പിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തദ്ദേശഭരണ സ്ഥാപനങ്ങൾ അയച്ചുകൊടുക്കുന്ന രേഖകൾ പരിശോധിച്ച് ലേ ഔട്ട് അംഗീകാരവും പ്ലോട്ടിന്റെ ഉപയോഗം സംബന്ധിച്ച് അപ്രൂവൽ നൽകുകയുമാണ് സാധാരണഗതിയിൽ ചീഫ് ടൗൺ പ്ലാനർ ചെയ്യുന്നത്. പാറ്റൂർ ഫ്ളാറ്റ് നിർമ്മാണത്തിന് ചീഫ് ടൗൺ പ്ലാനർ ലേ ഔട്ട് അപ്രൂവൽ നൽകുമ്പോൾ നിഷ്ക്കർഷിച്ചിരുന്ന നിബന്ധനകളിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും മറ്റും നഗരസഭ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഉടമസ്ഥാവകാശ പരിശോധന നഗരസഭ യഥാവിധി നടത്തിയിരുന്നുവെങ്കിൽ ഇത്തരമൊരു സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല. ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ പെർമിറ്റ് നൽകിയതിൽ പല ക്രമക്കേടുകളും നടന്നതായി കണ്ടെത്തിയിട്ടുണ്ട്. മൂന്നു വർഷത്തെ നിർമ്മാണ കാലാവധി നിലനിൽക്കെ ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ വാങ്ങാതെയും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ ഉത്തരവിടുന്നതിന് മുമ്പും നഗരസഭ കെട്ടിടത്തിന് റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുകയുണ്ടായി. ഈ ക്രമക്കേടുകൾക്കെല്ലാം സ്വാഭാവികമായും ഉത്തരവാദിത്തമുള്ളത് നഗരസഭയ്ക്ക് മാത്രമാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന സി.ടി.പി. (വിജിലൻസ്) നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) **2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിന്റെ സദ്ഫലങ്ങൾ ഇല്ലാതാക്കുന്നതാണ് ഈ ബിൽ. മിച്ചഭൂമിയിൽ നാല് ഹെക്ടറിന്റെ ഒഴിവ് നൽകുന്നതിന് 2005-ൽ കൊണ്ടുവന്ന ഭേദഗതി അവശേഷിക്കുന്ന മിച്ചഭൂമികൂടി നഷ്ടപ്പെടുത്തുന്നതിനാണ് ഇടയാക്കിയത്. തോട്ടഭൂമികളുടെ അഞ്ച് ശതമാനം ക്രയവിക്രയം ചെയ്യുന്നതിനും മറ്റുകാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുമായി ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതി തോട്ടഭൂമികൂടി ഇല്ലാതാക്കും. ഹാരിസൺ പ്ലാന്റേഷന്റെ കൈവശമുള്ള പാട്ടഭൂമി ഏറ്റെടുക്കുന്നതിനോ അവർ മറിച്ചുവിറ്റ ഭൂമി

തിരിച്ചുപിടിക്കുന്നതിനോ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. വൻകിട തോട്ടമുടമകളിൽനിന്നും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സ്വന്തമായി ഒരിഞ്ച് ഭൂമിയെന്ന സാധാരണക്കാരന്റെ സ്വപ്നത്തെ തകർക്കാനുതകുന്ന ഭേദഗതിയാണിത്. അന്യാധീനപ്പെട്ടുപോയ സർക്കാർ ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ സമസ്ത മേഖലകളിലുമുള്ള പുരോഗതിക്ക് അടിസ്ഥാനമായ ഭൂപരിഷ്കരണ നിയമത്തിന്റെ ഉള്ളടക്കത്തേയും ഉദ്ദേശത്തേയും അട്ടിമറിക്കാനുതകുന്ന ഭേദഗതിയാണിത്. കേരളം ഭൂമാഫിയകളുടെയും കയ്യേറ്റക്കാരുടെയും വിളനിലമായി മാറുകയും സർക്കാർ ഭൂമി മാഫിയ സംഘങ്ങളും നിക്ഷിപ്ത താല്പര്യക്കാരും കയ്യേറിയിരിക്കുകയുമാണ്. സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കടൽത്തീര കയ്യേറ്റം അവസാനിപ്പിക്കുന്നതിനും റീസർവ്വേ നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (2) 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സഭ പാസ്സാക്കിയ 4854 കോടി രൂപയുടെ ധനാഭ്യർത്ഥനകൾ ചെലവഴിക്കുന്നതിന് അനുമതി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. രാജേഷ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പദ്ധതികൾക്ക് അനുവദിക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നതിന് സന്നദ്ധമാകാത്ത സർക്കാരാണിത്. സ്വാശ്രയമെഡിക്കൽ കോളേജുകളിൽ മെറിറ്റ്

സീറ്റിൽ മുമ്പുണ്ടായിരുന്നതുപോലെ 600 സീറ്റുകളിൽ പ്രവേശനം നൽകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. ചലച്ചിത്ര അക്കാദമിയിൽ നടന്ന അനധികൃത നിയമനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. പി. കെ. ബഷീർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ ടാക്സേഷൻ സ്റ്റഡി സെന്ററിനെ എക്സലൻസിയാക്കി ഉയർത്തണം. കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുകയും വിവിധ വകുപ്പുകളിൽ ആഡംബരവാഹനങ്ങൾ വാങ്ങുന്നതുമൂലമുണ്ടാകുന്ന പാഴ്ചെലവ് ഇല്ലാതാക്കുകയും ചെയ്യണം. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. തിലോത്തമൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പച്ചക്കറി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനോ വിപണി ഇടപെടൽ നടത്തുന്നതിനോ സർക്കാർ സന്നദ്ധമാകുന്നില്ല. റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർ തുടങ്ങിയവരെ നിയമിക്കുന്നതിനും മരുന്നുക്ഷാമം

പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കടലാക്രമണത്തിന് വിധേയരാകുന്ന മത്സ്യത്തൊഴിലാളികളുടെ ദുരിതത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനോ തകർച്ചയിലായ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായോ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച് അനുവദിച്ചത് ഉടൻ നടപ്പിലാക്കണം. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തോട് തികഞ്ഞ അവഗണനയാണ് സ്വീകരിച്ചിരിക്കുന്നത്. ജനകീയ പ്രശ്നങ്ങളോട് നീതിപൂർവ്വമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കാര്യക്ഷമമായും ഫലപ്രദമായും ധനകാര്യ മാനേജ്മെന്റിനെ നയിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. നിരവധി വികസന പ്രവർത്തനങ്ങൾ നടത്താനും കുടുംബശ്രീ യൂണിറ്റുകൾക്കുവേണ്ടി ബാങ്കിൽ പണം നിക്ഷേപിക്കാനും പി.എസ്.സി. വഴി ഒരു ലക്ഷത്തോളം പേർക്ക് നിയമനം നൽകാനും കഴിഞ്ഞത് സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ശമ്പള കമ്മീഷനെ നിയമിക്കുകയും സർക്കാർ

ജീവനക്കാർക്ക് മുഴുവൻ ക്ഷാമബത്ത കൊടുത്തുതീർക്കുകയും ബോണസ്, ഉത്സവബത്ത എന്നിവ ഓരോ വർഷവും വർദ്ധിപ്പിക്കുകയും എൽ.ടി.സി. അനുവദിക്കുകയും 28000-ലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്ത ഗവൺമെന്റാണിത്. കൂടാതെ സ്വാശ്രയ നിയമനത്തിലെ കാലതാമസം പരിപൂർണ്ണമായി ഒഴിവാക്കുകയും സർക്കാർ ജീവനക്കാർക്ക് വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുകയും വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു. റബ്ബറിന്റെ വിലയിടിവിന് പരിഹാരമുണ്ടാക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും കടുത്ത സാമ്പത്തിക നിയന്ത്രണവുമാണ് നിലനിൽക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുകയും പുതിയ നികുതി നിർദ്ദേശങ്ങൾ ഏർപ്പെടുത്തിയിരിക്കുകയുമാണ്.

ശ്രീ. സി. പി. മുഹമ്മദ് : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കൂടുതൽ ധനം ആർജ്ജിക്കാനും അത് വേണ്ടവിധം ചെലവഴിക്കാനും സർക്കാരിന് കഴിയുന്നുണ്ട്. പദ്ധതികളിലുണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കാനും വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും കോൺട്രാക്ടർമാരുടെയും കുടിശ്ശികത്തുക

കൊടുത്തുതീർക്കാനും നടപടിയുണ്ടാകണം. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് കൂടുതൽ തുക അനുവദിക്കണം. ജനസമ്പർക്ക പരിപാടിയിലൂടെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് ആനുകൂല്യം നൽകാനും കാരുണ്യ, കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതികളിലൂടെ നിരവധി പേർക്ക് ചികിത്സാ സഹായം നൽകാനും ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാനും മരുന്ന് ക്ഷാമം പരിഹരിക്കാനും സാധിച്ചു. 5 പുതിയ മെഡിക്കൽ കോളേജ് അനുവദിക്കുകയും താലൂക്ക് ആശുപത്രികൾ ജില്ലാ ആശുപത്രിയായി ഉയർത്തുകയും ചെയ്തു. വിഴിഞ്ഞം, മെട്രോ റെയിൽ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം മുതലായ വൻകിട പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും 12 പുതിയ താലൂക്കുകൾ അനുവദിക്കുകയും ചെയ്തു. മലയാള സർവ്വകലാശാല സ്ഥാപിക്കാനും മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനും ക്ഷേമ പെൻഷനുകൾ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനും കാർഷിക രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടുണ്ട്. റോഡുകൾ ഗതാഗതയോഗ്യമാക്കാനും ടൂറിസം രംഗത്ത് വലിയ പുരോഗതി കൈവരിക്കാനും സാധിച്ചു. വികസന പദ്ധതികളെ എതിർക്കുന്ന നിലപാടിൽനിന്ന് വേറിട്ട് ചിന്തിക്കാൻ സി.പി.ഐ.(എം.)-ന് കഴിയണം. പാലക്കാട് ജില്ലയിലെ

പത്രപ്രവർത്തകർക്കായി സംസ്ഥാന ലാൻഡ് ബോർഡിന്റെ കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിൽ വരുത്തിയ കാലതാമസം സംബന്ധിച്ച് പരിശോധിക്കണം.

ശ്രീ. എം. ഹംസ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധനകാര്യ മാനേജ്മെന്റ് നേരിടുന്ന തകർച്ചയുടെ ഫലമായി കരാറുകാരുടെ കുടിശ്ശിക നൽകാനും പെൻഷൻ വിതരണം നടത്താനും കഴിഞ്ഞിട്ടില്ല. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തകിടം മറിഞ്ഞു. കേന്ദ്ര പദ്ധതിവിഹിതം ചെലവഴിക്കുന്നതിലും ഖജനാവ് സംരക്ഷിക്കുന്നതിലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എം.സാൻഡ് മണലിന് ഏർപ്പെടുത്തിയ അധിക നികുതി കുറയ്ക്കാനും നിർമ്മാണ വസ്തുക്കളിൽനിന്നുള്ള കോമ്പൗണ്ടിംഗ് നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിയണം. എം.എൽ.എ. ആസ്തി വികസന ഫണ്ടും എം.എൽ.എ. ഫണ്ടും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകണം. നെൽകർഷകർക്ക് സംഭരണവില സമയബന്ധിതമായി നൽകാനും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക നൽകാനും നടപടി സ്വീകരിക്കണം. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കണം. ഹയർ

സെക്കൻഡറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ഉൾപ്പെടെ ടീച്ചേഴ്സ് ബാങ്കിൽനിന്ന് നിയമനം നടത്തണം. വാളയാർ ചെക്ക്പോസ്റ്റിൽ കൂടുതൽ കൗണ്ടറുകൾ ആരംഭിക്കാനും ആവശ്യമായ സെയിൽസ് ടാക്സ് ഇൻസ്പെകർമാരെ നിയമിച്ച് നികുതി വരുമാനം സമാഹരിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കേരള ചലച്ചിത്ര അക്കാദമിയെ സംബന്ധിച്ച് ഇവിടെ ഒരംഗം ഉന്നയിച്ച ആരോപണത്തെ നിഷേധിക്കുകയാണ്. പതിനെട്ട് സാംഗ്ഷൻഡ് പോസ്റ്റ് ഉള്ളതിൽ ഒമ്പത് പേരെ അവിടെ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിതയായ ശ്രീമതി ബീനാ പോൾ മറ്റൊരു ഓഫർ വന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാനം രാജിവയ്ക്കുന്നത്. പരാതിക്കതീതമായി അടുത്ത ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര സാംസ്കാരിക വകുപ്പുമന്ത്രി സഹായസഹകരണം വാഗ്ദാനം ചെയ്യുകയും

ആർക്കൈവ്സ് ഡിപ്പാർട്ട്മെന്റിന് അമ്പത് കോടി രൂപ അനുവദിക്കാമെന്ന് സമ്മതിക്കുകയുമുണ്ടായി. ചലച്ചിത്ര അക്കാദമിയുടെയും ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും നവീകരണ പ്രവർത്തനങ്ങൾ ഉടൻ നടത്തുന്നതാണ്.

## അറിയിപ്പ്

മി. സ്പീക്കർ: ചട്ടം 153(2) പ്രകാരം 1.30-ന് വോട്ടിനിടേണ്ട ധനവിനിയോഗ ബില്ലിന്റെ ചർച്ച പൂർത്തിയാകാത്തതിനാൽ പ്രസ്തുത ചട്ടം വേവ് ചെയ്യുകയാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റബ്ബറിന്റെ വില വർദ്ധിപ്പിക്കുന്നതിനും റബ്ബർ സംഭരണം ശക്തിപ്പെടുത്തുന്നതിനുമായി വിപണിയിൽ ഇടപെടുന്നതിന് 30 കോടി രൂപ അനുവദിക്കുന്നതാണ്. കർഷകത്തൊഴിലാളി, ദേശീയ വാർദ്ധക്യകാല പെൻഷൻ കുടിശ്ശികകളും കരാറുകാരുടെ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റിന്റെ

സാമ്പത്തിക പരിമിതിക്കകത്ത് നിന്നുകൊണ്ട് എം.എൽ.എ. ഫണ്ടും ആസ്തി വികസന ഫണ്ടും വർദ്ധിപ്പിക്കുന്നതാണ്. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 53-നെതിരെ 68 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി)ബിൽ - ചർച്ച തുടർച്ച

ശ്രീ. എ. പ്രദീപ് കുമാർ: തീരദേശ മേഖലയിൽ നടക്കുന്ന കയ്യേറ്റങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. കോഴിക്കോട് ജില്ലയിൽ പൊന്നാനി താലൂക്കിൽ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത കാരായ്മ കുടിയാന്മാരുടെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുതിയ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം നടപ്പാക്കുന്നതിൽ ഇടതുപക്ഷ സർക്കാരുകൾ എന്നും മുൻഗണന നൽകിയിട്ടുണ്ട്. 1957-ൽ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമത്തിലൂടെ കേരളത്തിലെ 93 ശതമാനം ആളുകളെയും ഭൂമിയുടെ ഉടമസ്ഥരാക്കാൻ സാധിച്ചിട്ടുണ്ട്.

2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിലൂടെ മിച്ചഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും സാധിക്കുമെന്ന് മാത്രമല്ല ഈ ഭേദഗതികൾ മൂലനിയമത്തിന്റെ താല്പര്യങ്ങൾക്കുതന്നെ വിരുദ്ധവുമാണ്. കശുമാവുതോട്ടങ്ങളെ തോട്ടങ്ങളായി കണക്കാക്കുകവഴി പ്ലാന്റേഷനുകൾക്കുമാത്രമായി അനുവദിച്ച ഇളവുകൾ ദുരുപയോഗം ചെയ്യപ്പെടുകയാണ്. മിച്ചഭൂമി പിടിച്ചെടുക്കുന്നതിലും ലാന്റ് സീലിംഗ് നിയമം നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെടുകയാണ്. നെൽവയൽ തണ്ണീർത്തട നിയമത്തിൽ പറഞ്ഞിരിക്കുന്ന ഡേറ്റാബാങ്ക് രൂപീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഭൂമി കയ്യേറ്റക്കാർക്കുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭൂപരിഷ്കരണ നിയമത്തെ ക്രിയാത്മകമായി പുന:സൃഷ്ടിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുപകരം അതിനെ തകർക്കാനുതകുന്ന തരത്തിലുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. സി. കെ. നാണു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിൽ ഭൂമിയുടെ യഥാർത്ഥ അവകാശികളായ ആദിവാസികൾക്ക് ഒരു സെന്റ് ഭൂമി പോലും കിട്ടുന്നില്ല എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. വസ്തുനിഷ്ഠമായി കാര്യങ്ങളെ കാണുന്നതിന് സർക്കാർ തയ്യാറാകണം. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോൺഗ്രസ് ഗവൺമെന്റുകളാണ് സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം യാഥാർത്ഥ്യമാക്കുന്നതിനായി പരിശ്രമിച്ചിട്ടുള്ളത്. മാർക്സിസ്റ്റ് പാർട്ടി നേതൃത്വം നൽകിയ ഗവൺമെന്റുകൾ പലതവണ അധികാരത്തിൽ വന്നെങ്കിലും മിച്ചഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന കാര്യത്തിൽ അമാന്തം കാണിക്കുകയാണ് ചെയ്തത്. ഭൂരഹിത കേരളം പദ്ധതിക്ക് ആവശ്യമായ ഭൂമി കണ്ടെത്തണം. യഥാർത്ഥ കൃഷിക്കാരന് ഭൂമിയുടെ മേൽ ഉടമസ്ഥാവകാശം ലഭ്യമാക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാർഷികരംഗത്തെ പരിഷ്കരണത്തിനും ജന്മി-നാടുവാഴിത്ത മേധാവിത്വം അവസാനിപ്പിക്കുന്നതിനുംവേണ്ടി കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം കേരളത്തിന്റെ സമസ്തമേഖലകളിലും നിരവധി മാറ്റങ്ങളുണ്ടാക്കി. അനധികൃതമായി മിച്ചഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് നിയമഭേദഗതിയിലൂടെ പരിരക്ഷ നൽകുന്നതിനാണ്

യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നത്. തോട്ടഭൂമിയുടെ അഞ്ച് ശതമാനം മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി പിൻവലിക്കണം. സംസ്ഥാനത്തെ മുഴുവൻ കൈവശകൃഷിക്കാർക്കും പട്ടയം കൊടുക്കുന്നതിനും മിച്ചഭൂമി കയ്യേറ്റക്കാരിൽ നിന്നും ഭൂമി പിടിച്ചെടുക്കുന്നതിനും ഭൂരഹിതരായ കർഷകർക്ക് ഒരു ഏക്കർ ഭൂമിവീതം വിതരണം ചെയ്യുന്നതിനും സർക്കാർ തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂപരിഷ്കരണ നിയമത്തിലെ 7(ഇ) വകുപ്പുപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നാലേക്കറായി പരിമിതപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. വടക്കേക്കളം എസ്റ്റേറ്റിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ 79.79 ഏക്കർ പതിച്ചുനൽകിയിട്ടുണ്ട്. മിച്ചഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും കരം സ്വീകരിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഏറ്റെടുക്കുന്ന മിച്ചഭൂമി ഭൂരഹിത കേരളം പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്തതിനേക്കാൾ കൂടുതൽ പട്ടയം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിതരണം ചെയ്തിട്ടുണ്ട്. തോട്ടങ്ങളുടെ 5%

മറ്റാവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിൽ നിന്ന് 10% ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയും അതിൽ നിന്നുള്ള വരുമാനം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. 10 ശതമാനം ഭൂമി എന്നത് പത്ത് ഏക്കറായി പരിമിതപ്പെടുത്തിയും മറ്റാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്തശേഷം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ അഞ്ച് ശതമാനം വീണ്ടും പരിവർത്തനം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഴുതുകളടച്ചുകൊണ്ടുമാണ് നിയമം നടപ്പാക്കുന്നത്. കാർഷിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാനുതകുന്ന ഈ നിയമം പാസ്സാക്കുന്നതോടുകൂടി അനേകം ചെറുകിട കർഷകർ ഡീംഡ് ടെനന്റ് ആകുകയും ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാകുകയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് മുതൽക്കൂട്ടാകുകയും ചെയ്യും.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ

(ഭേദഗതി) ബിൽ  പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

109, 111, 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം  വകുപ്പ്</u>

119,120, 121, 122, 126, 129, 130, 131, 132 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

120-ാം  നമ്പർ ഭേദഗതി 52-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>1-ാം  വകുപ്പും പീഠികയും പേരും</u>

106-ാം  നമ്പർ  ഭേദഗതി അവതരിപ്പിച്ചു.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u>  പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> രണ്ടാം വകുപ്പിനുപുറമെ മൂന്നാം വകുപ്പുകൂടി കൂട്ടിച്ചേർത്തുകൊണ്ട് ബില്ലിനെ ഐകകണ്ഠ്യേന അംഗീകരിക്കാൻ

സാധിക്കുകയില്ല. മിച്ചഭൂമിയാണെന്ന് അറിയാതെ ഭൂമി വാങ്ങിയവരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം പാസ്സാക്കിയത്. വടക്കേക്കളം എസ്റ്റേറ്റിനെ സംബന്ധിച്ച പ്രശ്നത്തിൽ അന്ന് കണക്കാക്കിയ ഭൂമി ഇപ്പോൾ സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ നിയമം പാസ്സാക്കിയ കാലത്തുതന്നെ ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചിരുന്നെങ്കിൽ ഇന്ന് കണക്കാക്കിയതിനേക്കാൾ കൂടുതൽ ഭൂമി മിച്ചഭൂമിയായി കിട്ടുമായിരുന്നു. പല കാരണങ്ങളാൽ റൂൾസ് ഉണ്ടാക്കാൻ വൈകിയതിനാൽ അവിടത്തെ കൃഷിക്കാരുടെ കരം എടുക്കാൻ കഴിയാത്ത സ്ഥിതിവരികയുണ്ടായി. അത് പരിഹരിക്കുന്നതിന് ബില്ലിൽ നിർദ്ദേശിച്ച ഭേദഗതിയോട് പ്രതിപക്ഷത്തിന് യോജിപ്പാണ്. നിയമപ്രകാരം അർഹതപ്പെട്ടവർക്ക് ഭൂമി കൊടുക്കേണ്ടിവരുമ്പോൾ സർക്കാരിന് ലഭിക്കേണ്ട മിച്ചഭൂമി വേറെ ആളുകളുടെ കൈവശമായിരിക്കും ഉണ്ടാകുക. അപ്പോൾ ഭൂരഹിതരാണെന്നുള്ള നിലയിൽ അവരുടെ ബാദ്ധ്യതയും സർക്കാരിന് വരികയാണ്. റൂൾ നിർമ്മിച്ചില്ലെങ്കിൽ ഈ നിയമം പാസ്സാക്കിയാൽപ്പോലും സർക്കാർ പ്രതീക്ഷിച്ചത്ര ഭൂമി ലഭിക്കാനിടയില്ല. തോട്ടഭൂമിക്ക് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര ഏക്കർ തോട്ടഭൂമി വേണമെങ്കിലും കൈവശം വയ്ക്കാവുന്ന അവസ്ഥ വരികയാണ്. തോട്ടഭൂമിയിൽ അഞ്ച് ശതമാനം മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനുള്ള ഭേദഗതി വന്നതോടുകൂടി

വനനശീകരണം, പാരിസ്ഥിതിക പ്രശ്നങ്ങൾ, മലിനീകരണപ്രശ്നങ്ങൾ എന്നിവയുണ്ടാകുമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. എന്നിട്ടും തോട്ടഭൂമിയിൽ കാർഷികവിളകൾക്കോ, ക്ഷീരോൽപ്പാദന ഫാമുകൾ നടത്തുന്നതിനോ അധികാരം കൊടുക്കുന്ന ഒരു വകുപ്പുകൂടി കൂട്ടിച്ചേർക്കുകയാണ്. ക്ഷീരോൽപ്പാദന ഫാമുകൾ തോട്ടമേഖലകളിൽ വന്നാൽ അത് തോട്ടങ്ങളെ ദോഷകരമായി ബാധിക്കുമെന്നുമാത്രമല്ല തോട്ടഭൂമിയുടെ അഞ്ച് ശതമാനം മറ്റ് ആവശ്യങ്ങൾക്ക് നൽകുകയാണെങ്കിൽ വൻകിട ഹോട്ടലുകളോ റിസോർട്ടുകളോ നിർമ്മിച്ച് തോട്ടഭൂമി വിൽക്കാൻ സാധിക്കുന്ന അവസ്ഥ വന്നുചേരുകയും ചെയ്യും. ഈ വിധത്തിൽ നിയമം പാസ്സായാൽ തോട്ടമേഖലകളിൽ തിരിമറി നടത്താനുള്ള അവസരം വന്നുചേരും. അതുകൊണ്ട് ഈ വകുപ്പ് ബില്ലിൽ ചേർക്കുന്നതിൽ നിന്ന് സർക്കാർ പിൻമാറണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ നിയമം 2005-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാസ്സാക്കിയതാണ്. ഈ നിയമം പാസ്സാക്കി കേന്ദ്രഗവൺമെന്റിന്റെ അനുമതിക്ക് അയച്ചുവെങ്കിലും തുടർന്ന് വന്ന എൽ.ഡി.എഫ്. സർക്കാർ ഇതിന് അനുമതി വേണ്ടെന്ന് കേന്ദ്രത്തെ അറിയിക്കുകയും ഇത് നിയമസഭ പാസ്സാക്കിയ നിയമമായതുകൊണ്ട് നിയമസഭ തന്നെ പിൻവലിക്കണമെന്ന് കേന്ദ്രഗവൺമെന്റ് അഭിപ്രായപ്പെടുകയും ചെയ്തെങ്കിലും

എൽ.ഡി.എഫ്. സർക്കാർ ഈ നിയമം പിൻവലിച്ചില്ല. കഴിഞ്ഞ ഗവൺമെന്റ് നിയമം പിൻവലിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ ബിൽ വീണ്ടും എടുക്കുന്ന സമയത്ത് പരിസ്ഥിതി പ്രവർത്തകരും മറ്റുമായി ചർച്ച നടത്തി പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമപ്രകമാരമുള്ള ആനുകൂല്യം ആർക്കും നൽകിയിട്ടില്ല. 5 ശതമാനം തോട്ടം മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് വ്യക്തമായ ഗൈഡ്ലൈൻസ് കൊണ്ടുവന്നിട്ടുണ്ട്.

2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 53-നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റംസാൻ വ്രതമനുഷ്ഠിക്കുന്ന അംഗങ്ങൾക്ക് നോമ്പ് തുറക്കാനുള്ള സൗകര്യമുണ്ടാക്കുന്നതിന് സഭാനടപടികൾ 6.00 മണിക്കും 7.00 മണിക്കുമിടയിൽ നിർത്തിവയ്ക്കുകയോ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കുകയോ ചെയ്യാനുള്ള തീരുമാനമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2014-ലെ സർവ്വകലാശാല നിയമങ്ങൾ

(മൂന്നാം ഭേദഗതി) ബിൽ മാറ്റിവയ്ക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശം അംഗീകരിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല. ഈ ബിൽ ഉൾപ്പെടെ എട്ട് ഓർഡിനൻസുകൾ റീപ്ലേസ് ചെയ്യേണ്ട സാഹചര്യമുള്ളതിനാൽ ഏറ്റവും വേഗത്തിൽത്തന്നെ ഒരു സെഷൻകൂടി ചേരേണ്ടിവരും.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പരിഗണിച്ച് 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കുന്നു.

## ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിന്മേലുള്ള വിശദീകരണം

### സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധനവ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ബി.പി.എൽ., എസ്.ഇ.ബി.സി., എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങളുടെ ഫീസ് നിലവിലുണ്ടായിരുന്ന 25,000 രൂപയിൽനിന്ന് വർദ്ധിപ്പിച്ചിട്ടില്ല. ഗവൺമെന്റ് മെറിറ്റ് സീറ്റിന് 1,75,000 രൂപയും മാനേജ്മെന്റ് സീറ്റിന് 8 ലക്ഷം രൂപയും എൻ.ആർ.ഐ. സീറ്റിന് 11.5 ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നാല് ലക്ഷം രൂപയാക്കി ഫീസ് വർദ്ധിപ്പിക്കണമെന്ന മാനേജ്മെന്റുകളുടെ ആവശ്യം അംഗീകരിക്കില്ലെന്ന് സർക്കാർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലാണ്

ഇത്തരത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടുള്ളത്.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകൾ, സംസ്ഥാന ഡി.ജി.പി.-ക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, നിയമസഭാ സെക്രട്ടറിക്കെതിരെ ശ്രീ. എ. കെ. ബാലൻ നൽകിയ നോട്ടീസ്, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവർ നൽകിയ നോട്ടീസുകൾ, മുൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രി ഡോ. ശശി തരൂരിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, ശ്രീ. വി. എസ്. സുനിൽകുമാർ എന്നിവർ നൽകിയ നോട്ടീസുകൾ എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

### പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ,

ശ്രീ. റ്റി. എൻ. പ്രതാപൻ എന്നിവർ നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

**പ്രമേയം**

**സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

13-ാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

തികച്ചും സങ്കീർണ്ണവും അധികം ശ്രദ്ധ വേണ്ടതുമായ നിയമസഭയിലെ ജോലികൾ സമയബന്ധിതമായി പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് മാറ്റിയ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ അഭിനന്ദിക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ചകളും ഇരുഭാഗത്തുമുള്ള അംഗങ്ങളിൽനിന്നും ഉയർന്നുവരികയും ജനകീയ പ്രശ്നങ്ങളും നാടിന്റെ വികസന

കാര്യങ്ങളും ചർച്ച ചെയ്യപ്പെടുകയും ചെയ്തതിന് സംതൃപ്തി അറിയിക്കുകയും ചെയ്തു.

സഭാനടപടികളിൽ കൂടുതൽ ശ്രദ്ധിക്കുകയും കുറച്ചധികം സമയം അവയ്ക്കായി നീക്കിവയ്ക്കുകയും സഭാനടപടികൾ പഠിക്കുകയും ഗൃഹപാഠം ചെയ്യുകയും വേണമെന്ന് സഭയിലെ യുവ അംഗങ്ങളെ സ്പീക്കർ ഓർമ്മിപ്പിക്കുകയും നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ ഈ സമ്മേളന കാലത്ത് ആരംഭിക്കാൻ കഴിഞ്ഞുവെന്ന് സഭയെ അറിയിക്കുകയും എല്ലാവർക്കും ഹൃദ്യമായ ഓണം, റംസാൻ ആശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.38-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

*************